**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4828** **02-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും 2020-22, 2021-23, 2022-24 എന്നീ വർഷങ്ങളിൽ പ്ലസ് ടു പഠനം പൂർത്തിയാക്കിയ അർഹരായ മുഴവൻ വിദ്യാർഥികൾക്കും ഇ-ഗ്രാന്റ്സ് മുഖേന സ്കോളർഷിപ്പ് വിഹിതം വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പുനലൂർ മണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിലുൾപ്പെടെയുള്ള മുഴവൻ സ്ഥാപനങ്ങളിലെയും പട്ടികജാതി വിദ്യാർത്ഥികളുടെ 2021-22 അധ്യയന വർഷം വരെയുള്ളതും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2022-23 അധ്യയന വർഷം വരെയുള്ളതുമായ അപ്രൂവലായ എല്ലാ സ്കോളർഷിപ്പുകളുടെയും വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>എന്നാൽ 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയെങ്കിലും ഇത് സംബന്ധിച്ച സാങ്കേതിക സഹായം നൽകുവാൻ കാലതാമസം വന്നത് മൂലം സ്കോളർഷിപ്പ് കുടിശ്ശിക ആവാൻ കാരണമായി.<br><br>2024-25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്യും. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്.<br><br>കൊല്ലം ജില്ലയിലെ 2022 - 23 വർഷത്തിൽ അപ്രൂവലായ സ്കോളർഷിപ്പുകളിൽ 1795 പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെയും, 2023 - 24 ൽ അപ്രൂവലായ 6016 പട്ടികജാതി വിദ്യാർത്ഥികളുടെയും 65 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും സ്കോളർഷിപ്പുകൾ വിതരണം ചെയ്യുവാൻ കുടിശികയുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇ- ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ലാത്തതാണ്.അപേക്ഷ ലഭിക്കുന്ന മുറക്ക് സാധുവായ അപേക്ഷയിൻമേൽ സകോളർഷിപ്പ് വിതരണം ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ എത്ര വിദ്യാർഥികൾക്ക് മേൽ കാലയളവിൽ അപേക്ഷ നൽകിയിട്ടും സ്കോളർഷിപ്പ് വിഹിതം ഇനിയും ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പുനലൂർ മണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിലുൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും പട്ടികജാതി വിദ്യാർത്ഥികളുടെ 2021-22 അധ്യയന വർഷം വരെയുള്ളതും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2022-23 അധ്യയന വർഷം വരെയുള്ളതുമായ അപ്രൂവലായ എല്ലാ സ്കോളർഷിപ്പുകളുടെയും വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>എന്നാൽ 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയെങ്കിലും ഇത് സംബന്ധിച്ച സാങ്കേതിക സഹായം നൽകുവാൻ കാലതാമസം വന്നത് മൂലം സ്കോളർഷിപ്പ് കുടിശ്ശിക ആവാൻ കാരണമായി.<br><br>2024-25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്.<br><br>കൊല്ലം ജില്ലയിലെ 2022 - 23 വർഷത്തിൽ അപ്രൂവലായ സ്കോളർഷിപ്പുകളിൽ 1795 പട്ടികജാതി വിദ്യാർത്ഥികളുടെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെയും, 2023 - 24 ൽ അപ്രൂവലായ 6016 പട്ടികജാതി വിദ്യാർത്ഥികളുടെയും 65 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും സ്കോളർഷിപ്പുകൾ വിതരണം ചെയ്യുവാൻ കുടിശികയുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇ- ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ലാത്തതാണ്.അപേക്ഷ ലഭിക്കുന്ന മുറക്ക് സാധുവായ അപേക്ഷയിൻമേൽ സകോളർഷിപ്പ് വിതരണം ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കാത്തവർക്കും, സാങ്കേതിക കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെട്ടവർക്കും, പ്രസ്തുത സ്കോളർഷിപ്പുകൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | പുനലൂർ മണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിലുൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും പട്ടികജാതി വിദ്യാർത്ഥികളുടെ 2021-22 അധ്യയന വർഷം വരെയുള്ളതും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2022-23 അധ്യയന വർഷം വരെയുള്ളതുമായ അപ്രൂവലായ എല്ലാ സ്കോളർഷിപ്പുകളുടെയും വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>എന്നാൽ 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയെങ്കിലും ഇത് സംബന്ധിച്ച സാങ്കേതിക സഹായം നൽകുവാൻ കാലതാമസം വന്നത് മൂലം സ്കോളർഷിപ്പ് കുടിശ്ശിക ആവാൻ കാരണമായി.<br><br>2024-25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തു. വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് വരികയാണ്.<br><br>കൊല്ലം ജില്ലയിലെ 2022 - 23 വർഷത്തിൽ അപ്രൂവലായ സ്കോളർഷിപ്പുകളിൽ 1795 പട്ടികജാതി വിദ്യാർത്ഥികളുടെയും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെയും, 2023 - 24 ൽ അപ്രൂവലായ 6016 പട്ടികജാതി വിദ്യാർത്ഥികളുടെയും 65 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും സ്കോളർഷിപ്പുകൾ വിതരണം ചെയ്യുവാൻ കുടിശികയുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇ- ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ലാത്തതാണ്.അപേക്ഷ ലഭിക്കുന്ന മുറക്ക് സാധുവായ അപേക്ഷയിൻമേൽ സകോളർഷിപ്പ് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ